പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7836 15.07.2014 ൽ മറുപടിക്ക്

## യാത്രാബോട്ടുകളുടെ തകരാറുകൾ പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ: | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ബോട്ട്യാഡുകളിൽ തകരാറുകൾ പരിഹരിക്കുന്നതിനുവേണ്ടി കയറ്റുന്ന ജലഗതാഗത വകുപ്പിന്റെ യാത്രാബോട്ടുകൾ ആഴ്ചകളും മാസങ്ങളും കഴിഞ്ഞാലും തകരാറുകൾ പരിഹരിച്ച് സർവ്വീസിന് സജ്ജമാക്കുവാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാന ജല ഗതാഗത വകപ്പിന്റെ നിലവിലുളള ആലപ്പുഴ, തേവര യാർഡുകളിൽ ഖലാസികളെ ഉപയോഗിച്ച് ബോട്ടുകൾ കയറ്റുന്ന സാഹചര്യം ഒഴിവാക്കി, പൂർണ്ണമായും യന്ത്രവത്കൃതമായി ഇലക്ട്രിക്കൽ വിഞ്ച് ഉപയോഗിച്ചു കൊണ്ട് ബോട്ടുകൾ ഡോക്ക് ചെയ്യുന്നതിനുളള സൗകര്യം സജ്ജമാക്കിയതുവഴി അടിയന്തിര അറ്റകുറ്റപ്പണികൾ ധ്രുത ഗതിയിൽ നടത്തിയും, താരതമ്യേന മേജർ റിപ്പയറുകൾ ആനുപാതികമായി കൂടുതൽ സമയമെടുത്തും ചെയ്തു തീർത്ത് വരുന്നു. കഴിഞ്ഞ ആറ് മാസത്തിനകം 4 ബോട്ടുകൾ മേജർ റിപ്പയറും, 31 ബോട്ടുകൾ മൈനർ റിപ്പയറും ചെയ്ത് സർവ്വീസിന് നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ആലപ്പുഴ മേഖലയിലെ ഡ്രൈഡോക്കിന്റേയും, സ്ലിപ് വേയുടേയും, പയ്യന്നൂർ മേഖലയിലെ സ്ലിപ് വേയുടെയും നിർമ്മാണം പൂർത്തിയാകുന്നതു വഴി ബോട്ടുകളുടെ റിപ്പയർ കൂടുതൽ കാര്യക്ഷമമാകും. |
| (ബി) | റിപ്പയർ ചെയ്യുന്നതിന് ബോട്ട് യാഡുകളിൽ പരിശീലനം സിദ്ധിച്ച ജീവനക്കാരുടെ കുറവുണ്ടെന്നതും ആവശ്യമായ സ്പെയർപാർട്സുകളില്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 2002 വരെ വകപ്പിൽ പൂർണ്ണമായും തടി ബോട്ടുകളാണ് ഉണ്ടായിരുന്നത്. ആയതിനാൽ തടി ബോട്ടുകളുടെ റിപ്പയറിന് പ്രാതിനിധ്യം കൊടുത്തുകൊണ്ടുളള സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുളളത്. എന്നാൽ ഇപ്പോൾ കാലപ്പഴക്കം വന്ന തടി ബോട്ടുകൾ പിൻവലിച്ച് പകരം സ്റ്റീൽ ബോട്ടുകളാണ് സർവ്വീസിന് ഉപയോഗിക്കുന്നത്. ആയതിനാൽ സ്റ്റീൽ ബോട്ടുകളുടെ റിപ്പയർ സംബന്ധിച്ച് നിലവിലുളള ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകി വരുന്നുണ്ട്. അതു കൂടാതെ നിർമ്മാണം പൂർത്തിയായി |

| | | | |
|---|---|---|---|
| | | | വരുന്ന ആധുനിക ഡ്രൈഡോക്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 20 പുതിയ തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഡ്രൈഡോക്കിന്റെ പ്രവർത്തനം സജ്ജമാകുന്നതോടെ ടി പുതിയ തസ്തികകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതാണ്. വകുപ്പിൽ സ്പെയർ പാർട്ട്സിന്റെ കുറവ് മൂലം റിപ്പയറുകൾ മുടങ്ങുകയോ, കാലതാമസം വരുന്നതോ ആയ സാഹചര്യം നിലവിൽ ഇല്ല. |
| (സി) | എങ്കിൽ ഇത് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | നിലവിലുള്ള ആലപ്പുഴ, തേവര യാർഡുകളിൽ ഇലക്ട്രിക്കൽ വിഞ്ച് ഘടിപ്പിച്ച് പൂർണ്ണമായും യന്ത്രവത്കൃതമായി ബോട്ടുകൾ ഡോക്ക് ചെയ്യുന്നതിന് സൗകര്യമൊരുക്കി അടിയന്തിര റിപ്പയർ ധ്രുതഗതിയിൽ ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ ഉള്ള ഒരു ഏക്കർ നാല്പത് സെന്റ് സ്ഥലത്ത് നാല് ബോട്ടുകൾ ഒരേ സമയത്ത് ഡോക്ക് ചെയ്യാവുന്ന ആധുനിക സൗകര്യങ്ങളോടു കൂടിയ സ്ലിപ്‌വേയുടെയും ഡ്രൈഡോക്കിന്റെയും പണിയും പയ്യന്നൂർ സ്ലിപ്‌വേയുടെയും പണി അവസാന ഘട്ടത്തിലുമാണ്. ടി പ്രവർത്തനങ്ങൾ പൂർത്തിയാകുകയും കൂടാതെ ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിൽ 20 തസ്തികകളിൽ പി.എസ്.സി വഴി നിയമനം നടക്കുകയും ചെയ്യുമ്പോൾ വകുപ്പിലെ ബോട്ടുകളുടെ റിപ്പയർ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ